**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1466** **19-06-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്. യു.പി. ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി അഞ്ച് കോടി രൂപ അനുവദിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ച വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്. -ന്റെ യു.പി. ബ്ലോക്കിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കിറ്റ്കോ നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് ഭരണാനുമതി ലഭിച്ച ജി.ബി.എച്ച്.എസ്.എസ്. വടക്കാഞ്ചേരി സ്കൂളിന്റെ നിർമ്മാണം 60%ത്തോളം പൂർത്തിയായിട്ടുണ്ട്. അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനിരിക്കെ നിർമ്മാണം മുന്നോട്ട് പോകാത്ത സ്ഥിതി വരുകയും contract period കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യം ഉണ്ടായതിനാൽ കോൺട്രാക്ടറെ terminate ചെയ്യുകയുമുണ്ടായി. തുടർന്നുള്ള വർക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായി കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർന്ന് ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്ലാനും എസ്റ്റിമേറ്റും കിറ്റ്കോ തയ്യാറാക്കി കിഫ്ബിയുടെ അനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ടെണ്ടർ ചെയ്തതിലെ അപാകതകൾ കാരണം റീടെണ്ടർ ചെയ്യുന്നതിന് ടെണ്ടർ കമ്മിറ്റി ശുപാർശ ചെയ്തിരിക്കുകയാണ്. ജൂൺ മാസത്തിൽത്തന്നെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയാകാത്തത് കാരണം ക്ലാസ്സുകൾ നടത്താനുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ഉണ്ട്. 5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് ഭരണാനുമതി ലഭിച്ച ജി.ബി.എച്ച്.എസ്.എസ്. വടക്കാഞ്ചേരി സ്കൂളിന്റെ നിർമ്മാണം 60%ത്തോളം പൂർത്തിയായിട്ടുണ്ട്. അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനിരിക്കെ നിർമ്മാണം മുന്നോട്ട് പോകാത്ത സ്ഥിതി വരുകയും contract period കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യം ഉണ്ടായതിനാൽ കോൺട്രാക്ടറെ terminate ചെയ്യുകയുമുണ്ടായി. തുടർന്നുള്ള വർക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ |

| | | | |
|---|---|---|---|
| | | | ഏജൻസിയായി കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർന്ന് ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്ലാനും എസ്റ്റിമേറ്റും കിറ്റ്കോ തയ്യാറാക്കി കിഫ്ബിയുടെ അനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ടെണ്ടർ ചെയ്തതിലെ അപാകതകൾ കാരണം റീടെണ്ടർ ചെയ്യുന്നതിന് ടെണ്ടർ കമ്മിറ്റി ശുപാർശ ചെയ്തിരിക്കുകയാണ്. ജൂൺ മാസത്തിൽത്തന്നെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ